പതിമൂന്നാം കേരള നിയമസഭ

# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6195 10.07.2012-ൽ മറുപടിയ്ക്ക്

## ഗസറ്റ് തപാലിൽ വിതരണം ചെയ്യുന്നത് നിർത്തിയത് പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സാജുപോൾ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഗസറ്റിന്റെയും അസാധാരണ ഗസറ്റിന്റെയും വിതരണം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഗസറ്റ് തപാലിൽ വിതരണം ചെയ്യുന്നത് നിർത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഉണ്ട്. സർക്കാർ ഗസറ്റുകൾ തപാൽ മാർഗ്ഗം കൺസെഷൻ റേറ്റിലാണ് അയച്ചുകൊണ്ടിരുന്നത്. 2012 ജനുവരി മുതൽ കൺസെഷൻ റേറ്റിൽ ഗസറ്റുകൾ അയക്കുന്നതിന് ആർ.എൻ.ഐ. രജിസ്ട്രേഷൻ നിർബന്ധമാണെന്ന് തപാൽ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൺസെഷൻ റേറ്റിൽ അല്ലാതെ ഗസറ്റുകൾ അയച്ചാൽ ഒരു ഗസറ്റിന്റെ വിലയേക്കാളും കൂടുതൽ തുക തപാൽ ചാർജ്ജായി നൽകേണ്ടി വരും. ഇത് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. ഇതാണ് ഗസറ്റ് വിതരണം നിലച്ചതിന്റെ കാരണം. |
| (സി) ഇതുസംബന്ധിച്ച് ഉത്തരവുകളോ കത്തുകളോ ഇറക്കിയിട്ടുണ്ടോ; | (സി) ഇല്ല |
| (ഡി) ഇതുമൂലം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ സർക്കാർ ഗസറ്റ് വീണ്ടും തപാൽ വഴി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ഡി) സ്വീകരിക്കുന്നതാണ്. ഗസറ്റുകൾ കൺസെഷൻ റേറ്റിൽ തപാൽ മുഖേന അയക്കുന്നതിന് തപാൽ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ആർ.എൻ.ഐ. രജിസ്ട്രേഷൻ അടിയന്തിരമായി ലഭ്യമാക്കുന്നതിന് രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഓഫ് ഇൻഡ്യയുടെ ആഫീസിൽ ബന്ധപ്പെട്ട രേഖകൾ 17.01.2012 ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ട്. |

Preeja Kumari L.
സെക്ഷൻ ഓഫീസർ